◆ പന, മുള, ഫലവൃക്ഷങ്ങൾ മുതലായവ വച്ച് പിടിപ്പിച്ച് ആഹാര ലഭ്യത വർദ്ധിപ്പിക്കുന്നു.

◆ കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

◆ മൃഗവേട്ടയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

◆ മൃഗവേട്ടയുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരം നൽകുന്നവർക്ക് പ്രതിഫലം നൽകുന്നുണ്ട്.

◆ മൃഗവേട്ട തടയുന്നതിന് കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള പ്രശ്ന പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

◆ വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വന്യജീവി വകുപ്പുകളുടെ ഏകോപന സമിതി രൂപീകരിച്ച് കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

◆ വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നുണ്ട്.

കാടിനു പുറത്ത് കടുവകളുടെ വംശവർദ്ധന നടത്തുവാൻ നടപടി

140 (4493) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാടുകളിൽ ഇപ്പോൾ എത്ര കടുവകൾ ഉള്ളതായാണ് സർവ്വേയിൽ വ്യക്തമാക്കിയിട്ടുള്ളത് ;

(ബി) കടുവാ സംരക്ഷണത്തിന് നടപ്പിലാക്കിയ പദ്ധതികൾ വിജയകരമായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കടുവാക്കുഞ്ഞുങ്ങളെ കാടുകൾക്ക് പുറത്ത് ആധുനിക ശാസ്ത്ര സംവിധാനങ്ങളിലൂടെ വളർത്തി സംരക്ഷിക്കുന്നതിന് പരിപാടി തയ്യാറാക്കുമോ ?

ഉത്തരം

(എ) 2006-ൽ വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടത്തിയ കണക്കെടുപ്പിൽ 46 കടുവകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. 2010 ഫെബ്രുവരി മാസത്തിൽ നടന്ന കടുവാ സെൻസസിന്റെ ഡേറ്റാ വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ വിശകലനം ചെയ്തുവരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) വിജയകരമായിരുന്നു.

(സി) നിലവിൽ കേരളത്തിലെ വനപ്രദേശങ്ങളിൽ കടുവകളുടെ ദീർഘ കാല നിലനിൽപ്പിനും സ്വാഭാവിക പ്രജനനം വഴിയുള്ള വർദ്ധനവിനും അനുയോജ്യമായ സാഹചര്യമാണുള്ളത്. അതിനാൽ കടുവ കുഞ്ഞുങ്ങളെ കാടുകൾക്ക് പുറത്ത് ആധുനിക ശാസ്ത്രസംവിധാനങ്ങളിലൂടെ വളർത്തി സംരക്ഷിക്കേണ്ട ആവശ്യകത ഇപ്പോഴില്ല.

ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്നത് സംബന്ധിച്ച്

141 (4494) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007 ആഗസ്റ്റിൽ വടശ്ശേരിക്കരയിൽ കാട്ടാന നാട്ടിലിറങ്ങി കുത്തി കൊലപ്പെടുത്തിയ ഗോപിനാഥപിള്ളയുടെ മകന് വനം വകുപ്പിൽ ജോലി നൽകുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ;

(ബി) ഗൃഹനാഥൻ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ട് 3 വർഷമായിട്ടും പ്രസ്തുത കുടുംബത്തിന് ആശ്വാസമേകാൻ കഴിയുംവിധം ആശ്രിതർക്ക് വനം വകുപ്പിൽ ജോലി നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പിതാവ് മരണപ്പെട്ട സമയം പ്രായപൂർത്തിയായിട്ടില്ല എന്ന കാരണത്താൽ മകന് ജോലി നിഷേധിച്ച നടപടി പുനഃപരിശോധിച്ച് ജോലി നൽകാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ - സി) വന്യജീവികളുടെ ആക്രമണത്തിൽപ്പെട്ട് മരണമടയുന്നവരുടെ ആശ്രിതർക്ക് വനംവകുപ്പിൽ സ്ഥിരം നിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥകളൊന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly